SCOLE
KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION · KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, info@scolekerala.org.www.scolekerala.org

തീയതി: 15.04.2024

നം: ബി2/1260/24/സ്കോൾ-കേരള

**പത്രക്കുറിപ്പ്**

## സ്കോൾ കേരള : ഡി.സി.എ ഒമ്പതാം ബാച്ച് പരീക്ഷ 2024 മെയ് 20-ന് ആരംഭിക്കും

സ്കോൾ കേരള- നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ് ഒമ്പതാം ബാച്ചിന്റെ പൊതു പരീക്ഷ 2024 മെയ് 20-ന് ആരംഭിക്കും. തിയറി പരീക്ഷ മെയ് 20, 21, 22, 23, 24 തീയതികളിലും, പ്രായോഗിക പരീക്ഷ 2024 മെയ് 27, 28, 29, 30 തീയതികളിലും, അതാത് പഠന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും.

പരീക്ഷാ ഫീസ് പിഴ കൂടാതെ **2024 ഏപ്രിൽ 16 മുതൽ 24 വരെയും 20 രൂപ പിഴയോടെ ഏപ്രിൽ 25 മുതൽ 29 വരെയും** സ്കോൾ കേരള വെബ്സൈറ്റ് മുഖേന (www.scolekerala.org) ഓൺലൈനായോ , വെബ്സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്തെടുക്കുന്ന പ്രത്യേക ചെലാനിൽ കേരളത്തിലെ ഏതെങ്കിലും പോസ്റ്റ്ഓഫീസ് മുഖേന ഓഫ്‌ലൈനായോ ഒടുക്കാവുന്നതാണ്. 900/- രൂപയാണ് ആകെ പരീക്ഷ ഫീസ്. ഫീസ് ഒടുക്കാനായി ഡിസിഎ പഠിതാക്കൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള യൂസർനെയിം(ആപ്ലിക്കേഷൻ നമ്പർ), പാസ്സ് വേഡ്(ജനന തീയതി) ഉപയോഗിച്ച് സ്കോൾ കേരളയുടെ വെബ്സൈറ്റിലെ സ്റ്റുഡന്റ് ലോഗിനിൽ 'Exam Fee Payment' എന്ന ലിങ്ക് വഴി പേയ്മെന്റ് മോഡ് തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. സ്കോൾ കേരള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച്, ഫീസ് ഒടുക്കിയ ഓൺലൈൻ രസീത്/അസൽ പോസ്റ്റ് ഓഫീസ് ചെലാൻ, സ്കോൾ-കേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠന കേന്ദ്രം പ്രിൻസിപ്പാൾമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇന്റേണൽ പരീക്ഷക്ക് 40% മാർക്കും സമ്പർക്ക ക്ലാസിൽ പങ്കെടുത്ത 75% ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത.

ഡി.സി.എ ആറ്, ഏഴ്, എട്ട് (2023 ജൂലൈ) ബാച്ചുകളിലെ പൊതുപരീക്ഷക്ക് രജിസ്റ്റർ ചെയ്യുകയും എന്നാൽ വിവിധ കാരണങ്ങളാൽ പൂർണ്ണമായോ/ഏതെങ്കിലും വിഷയങ്ങൾ മാത്രമായോ എഴുതാൻ കഴിയാത്ത വിദ്യാർഥികൾക്കും, ഏതെങ്കിലും വിഷയങ്ങളിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും നിബന്ധനകൾക്ക് വിധേയമായി 2024 മെയിലെ പരീക്ഷക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദാംശങ്ങൾ സ്കോൾ കേരള വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) പരീക്ഷ നോട്ടിഫിക്കേഷനിൽ നിന്നും ലഭിക്കും. ഫോൺ : 0471-2342950, 2342271

STATE COUNCIL FOR OPEN AND LIFELONG EDUCATION-KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012
★ SCOLE-KERALA ★

എക്സിക്യൂട്ടീവ് ഡയറക്ടർ

C5/E/Pres/DCA/Ltr/33